ഉത്തരം

(എ) & (ബി) ഇക്കാര്യം ഇതുവരെയും പരിശോധിച്ചിട്ടില്ല.

(സി) എസ്. എസ്. എൽ. സി. പരീക്ഷ വിജയിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും പ്ലസ് ടു സീറ്റുകളുടെ എണ്ണവും തമ്മിൽ ഗണ്യമായ അന്തരമുള്ള ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പുതിയതായി ഹയർസെക്കണ്ടറി സ്കൂളുകൾ അനുവദിക്കുവാനും നിലവിലുള്ള പ്ലസ് ടു സ്കൂളുകൾക്ക് അധിക ബാച്ചുകൾ നൽകുകയും ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഗവൺമെന്റ് സ്കൂളുകൾ, ഹയർ സെക്കണ്ടറി സ്കൂൾ ഇല്ലാത്ത പഞ്ചായത്തുകളിലെ സ്കൂളുകൾ, എയ്ഡഡ് സ്കൂളുകൾ എന്നീ മുൻഗണനാ ക്രമത്തിലാണ് ഇവ പരിഗണിക്കുന്നത്.

എസ്. എസ്. എ. പദ്ധതി പ്രകാരം സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി

25 [322] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതി പ്രകാരം എത്ര സ്കൂളുകൾക്ക് പുതുതായി കെട്ടിടം ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഹൈസ്ക്കൂൾ, യു. പി., എൽ. പി. എന്നിവ ജില്ല തിരിച്ച് കണക്ക് വിശദമാക്കുമോ;

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകൾക്കാണ് ഇതിനായി ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1266 സ്കൂളുകൾക്ക്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 1. ഗവൺമെന്റ് ഹൈസ്ക്കൂൾ, നായർകുഴി.
2. ഗവൺമെന്റ് ഹൈസ്ക്കൂൾ, നീലേശ്വരം.
3. ഗവൺമെന്റ് എൽ. പി., പുളപൊയിൽ.
4. ഗവൺമെന്റ് എൽ. പി., താഴെക്കോട്.
5. ഗവൺമെന്റ് യു. പി., മണാശ്ശേരി.

അംഗീകാരമില്ലാത്ത അൺഎയ്ഡഡ് സ്കൂളുകൾ

26 [323] ശ്രീ. ടി. എം. ജേക്കബ്:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[8-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത 25 [322]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

സർവ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം പുതിയതായി നിർമിച്ച ഹൈസ്കൂൾ, അപ്പർ പ്രൈമറി സ്കൂൾ, ലോവർ പ്രൈമറി സ്കൂൾ, കെട്ടിടങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം

ക്രമ നമ്പർ	ജില്ല	ലോവർ പ്രൈമറി സ്കൂൾ	അപ്പർ പ്രൈമറി സ്കൂൾ	ഹൈസ്കൂൾ	ആകെ സ്കൂൾ
1	തിരുവനന്തപുരം	28	19	58	105
2	കൊല്ലം	48	25	35	108
3	ആലപ്പുഴ	11	20	25	56
4	പത്തനംതിട്ട	32	18	21	71
5	കോട്ടയം	26	30	47	103
6	ഇടുക്കി	1	8	18	27
7	എറണാകുളം	2	4	9	15
8	തൃശൂർ	17	25	67	109
9	പാലക്കാട്	12	20	36	68
10	മലപ്പുറം	71	54	69	194
11	കോഴിക്കോട്	24	27	22	73
12	വയനാട്	11	15	17	43
13	കണ്ണൂർ	51	77	81	209
14	കാസർഗോഡ്	14	18	53	85
	ആകെ	348	380	559	1266

LIBRARY ARCHIVES Kerala Legislative Assembly